"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹന്നാൻ 20:21)എന്നാണ് യേശു തന്റെ അപ്പസ്തോലന്മാരോട് പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിത ദൗത്യത്തിന്റെ തുടർച്ചയാണ്. അവിടുത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടുന്നിൽ നിന്നാണ് സഭ പ്രേഷിത ദൗത്യത്തിനുള്ള കല്പനയും അതു നിർവ്വഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകവസാനം വരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടുന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗ്ഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

### പ്രേഷിത മാനസാന്തരം

പ്രേഷിത മാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യ നിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭ തന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയില്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തു സ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

“എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും” (മത്താ 24:14)പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. “ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു” (2 കോറി 5:14) എന്ന പൗലോസ് അപ്പസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് ‘മാനസാന്തരം’ എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപര

മായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതികപാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ  എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, ദൈവിക-സന്യസ്ഥ- അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയുടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിത വർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
(പ്രസിഡന്റ്, കെസിബിസി)
**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
(വൈസ് പ്രസിഡന്റ്, കെസിബിസി)
**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
(സെക്രട്ടറി ജനറൽ, കെസിബിസി)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682025

# പുരോഹിതൻ: സഭയുടെ വിശ്വാസത്തിന്റെ ശുശ്രൂഷകൻ

(തിരുവചനഭാഗം: ശ്ലീഹ 24,1-27)

മല്പാൻ മാത്യു വെള്ളാനിക്കൽ

പൗലോസ് ദേശാധിപനായ ഫെലിക്സിനു മുമ്പിൽ കുറ്റാരോപണത്തിനു വിധേയനാകുന്നതും അതിനു പൗലോസ് മറുപടി നല്കുന്നതുമായ ഭാഗമാണ് ഈ വചനഭാഗം. പ്രധാനപുരോഹിതനും അഭിഭാഷകനായ തെർത്തുള്ളൂസുംകൂടെ ഫെലിക്സിന്റെ പക്കൽ ഔദ്യോഗികമായി പൗലോസിനെതിരെ പരാതി നല്കുന്നു. പൗലോസ് അതിനു മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ ഫെലിക്സ് വിസ്താരം മാറ്റിവയ്ക്കുകയും പൗലോസിനെ തടവിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെതിരെ കുറ്റാരോപണം (24,1-9)
2. പൗലോസ് ആരോപണം നിഷേധിക്കുന്നു (24,10-13)
3. പൗലോസ് തന്റെ നിലപാടു വിശദീകരിക്കുന്നു (24,14-21)
4. വിസ്താരം മാറ്റിവയ്ക്കപ്പെടുന്നു (24,22-23)
5. പൗലോസ് ഫെലിക്സിന്റെ തടങ്കലിൽ (24,24-27)

പൗലോസിന്റെ വിശ്വാസസ്ഥൈര്യമാണ് ഈ ന്യായവാദത്തിൽ പ്രകടമാകുന്നത്. പുരോഹിതൻ 'വിശ്വാസികളുടെ സമൂഹ'മായ (ശ്ലീഹ 4,32) സഭയുടെ ശുശ്രൂഷകനാണ്. സഭാംഗങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കേണ്ടവനാണ്. അതുകൊണ്ട് ഈ വചനഭാഗം പുരോഹിതർക്ക് പ്രചോദനാത്മകമാണ്.

## 1. പുരോഹിതൻ: ദൈവപരിപാലനയിൽ വിശ്വസിച്ച് പ്രതിസന്ധികളെ തരണം ചെയ്യുന്നവൻ

*"അഞ്ചു ദിവസം കഴിഞ്ഞ് പ്രധാനപുരോഹിതനായ അനനിയാസ് ഏതാനും ജനപ്രമാണികളോടും അഭിഭാഷകനായ തെർത്തുള്ളൂസിനോടുംകൂടെ അവിടെയെത്തി. അവർ ദേശാധിപതിയുടെ മുമ്പാകെ പൗലോസിനെതിരായി പരാതിപ്പെട്ടു. അവനെ കൊണ്ടുവന്നപ്പോൾ തെർത്തുള്ളൂസ് ഇങ്ങനെ കുറ്റാരോപണം തുടങ്ങി: അഭിവന്ദ്യനായ ഫെലിക്സേ,*

*നിന്റെ ഭരണത്തിൽ ഞങ്ങൾ വളരെ സമാധാനം അനുഭവിക്കുന്നു എന്നതും നിന്റെ പരിപാലനംവഴി* ഈ ദേശത്ത് പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടിരിക്കുന്നു എന്നതും ഞങ്ങൾ എല്ലായിടത്തും എല്ലായ്പ്പോഴും കൃതജ്ഞതാപൂർവ്വം അംഗീകരിക്കുന്നു" (24,1-3).

പൗലോസിനെ കേസറിയായിലേക്കു വിട്ട അവസരത്തിൽ സൈന്യാധിപൻ യഹൂദന്മാരോട് അവരുടെ പരാതി ഗവർണറുടെ അടുക്കൽ നേരിട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അഞ്ചു ദിവസങ്ങൾക്കുശേഷം മഹാപുരോഹിതനും സമുദായനേതാക്കന്മാരിൽ ചിലരും ചേർന്ന് ഒരു അഭിഭാഷകനെയുംകൂട്ടി കേസറിയായിലെത്തി അന്യായം സമർപ്പിച്ചു. സത്യത്തിനു നിരക്കാത്തവിധം ഗവർണറെ ക്രമാതീതമായി പുകഴ്ത്തി അദ്ദേഹത്തിന്റെ ആനുകൂല്യം പിടിച്ചെടുക്കുവാൻ കരുതിക്കൂട്ടി തയ്യാറാക്കിയതായിരുന്നു ആ അന്യായം. പൗലോസിനെതിരായി മൂന്നു പരാതികളാണ് അതിലുന്നയിക്കുന്നത്: 1. റോമാസാമ്രാജ്യത്തിലെങ്ങുമുള്ള യഹൂദജനങ്ങളുടെയിടയിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് അവരുടെ സ്വൈര്യജീവിതം നശിപ്പിക്കുന്ന ഒരു വിപ്ലവകാരിയാണ് പൗലോസ്. 2. നസ്രായരെന്നറിയപ്പെടുന്ന ഒരു വിഘടിത ജനവിഭാഗത്തിന്റെ പ്രമുഖനേതാവാണ് അയാൾ (24,5). 3. ദേവാലയത്തെ അശുദ്ധമാക്കാൻ അയാൾ ശ്രമിച്ചു (24,6).

ഈ ആരോപണങ്ങളൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. മൂന്നാമത്തെ പരാതിയുടെ അടിസ്ഥാനം, പട്ടണത്തിൽവച്ച് എഫേസോസുകാരനായ ഒരു വിജാതീയനെ പൗലോസിനോടുകൂടി കണ്ടു എന്നതു മാത്രമായിരുന്നു. പൗലോസ് ഈ സന്ദർഭത്തിൽ ശാന്തമായി വർത്തിക്കുകയും അതോടൊപ്പം ആരോപണങ്ങൾക്ക് മറുപടി പറയാൻ ഒരുങ്ങുകയുമായിരുന്നു. കാരണം, സുവിശേഷപ്രഘോഷണത്തിനു പോകുമ്പോൾ മിശിഹായെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിലേക്കു നയിക്കപ്പെടുമ്പോൾ "നിങ്ങൾ ആകുലപ്പെടേണ്ടെന്നും, നിങ്ങൾ പറയേണ്ടത് ആ സമയത്ത് നിങ്ങൾക്കു നല്കപ്പെടുമെന്നും, നിങ്ങളിലൂടെ സംസാരിക്കുന്നത് നിങ്ങളുടെ പിതാവിന്റെ ആത്മാവായിരിക്കു"മെന്നും (മത്താ 10,19-20) പൗലോസിനറിയാമായിരുന്നു. അതുകൊണ്ട് ഇപ്രകാരമുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ പുരോഹിതനും, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടുവാൻ പഠിക്കണം.

## 2. പുരോഹിതൻ: നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുന്നവൻ

*"ദൈവത്തിന്റെയും മനുഷ്യരുടെയുംനേർക്ക് എല്ലായ്പ്പോഴും, നിഷ്കളങ്കമായ മനസ്സാക്ഷി പുലർത്താൻ ഞാൻ അത്യന്തം ശ്രദ്ധാലുവാണ്. വളരെ വർഷങ്ങൾക്കുശേഷം ഞാൻ വന്നത് എന്റെ ജനത്തിന് ദാനധർമ്മങ്ങൾ എത്തിക്കാനും കാഴ്ചകൾ സമർപ്പിക്കാനുമാണ്. ഞാൻ അതു നിർവഹിക്കുന്നതിനിടയിൽ ശുദ്ധീകരണം കഴിഞ്ഞ് ദൈവാലയത്തിലായിരിക്കുമ്പോഴാണ് ഇവർ എന്നെ കണ്ടത്. എന്റെകൂടെ ജനക്കൂട്ടമൊന്നും ഇല്ലായിരുന്നു; ബഹളമൊന്നും ഉണ്ടായതുമില്ല"* (24,16-18).

പൗലോസ് തന്റെ മറുപടിയിൽ പ്രത്യേകം എടുത്തുപറയുന്ന ഒരു കാര്യം താൻ ദൈവത്തിന്റെയും മനുഷ്യരുടെയുംമുമ്പിൽ തന്റെ മനസ്സാക്ഷി ശുദ്ധമായിരിക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതാണ്. നല്ല മനസ്സാക്ഷി ശരിയായ വിശ്വാസത്തിൽനിന്നും രൂപം കൊള്ളുന്ന ഒന്നാണ്. മനുഷ്യരുടെ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് അവരുടെ മനസ്സാക്ഷിയാണ്. ശരിയും തെറ്റും വിവേചിച്ചറിയാൻ കഴിവുള്ളത് മനുഷ്യനു മാത്രമാണ്. തന്റെ മനസ്സാക്ഷിക്ക് അനുസൃതമായിട്ടാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നല്ല മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും നല്ലതായിരിക്കും. ചീത്ത മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും ചീത്തയായിരിക്കും.

മനസ്സാക്ഷിക്ക് ശരിയായ രൂപീകരണം കൊടുക്കേണ്ടത് ആവശ്യമാണ്. അതിനനുസൃതമായിട്ടാണ് അതു നല്ലതും ചീത്തയുമാകുന്നത്. അതു രൂപപ്പെടുത്തുന്നതിന് ഒരു മാനദണ്ഡമുണ്ട്. അതു പ്രധാനമായും അയാളുടെ മതപരമായ വിശ്വാസമാണ്. തന്റെ വിശ്വാസത്തിനു പ്രാധാന്യം കൊടുത്തു ജീവിച്ചതുകൊണ്ടാണ് പൗലോസിന് നല്ല മനസ്സാക്ഷിയോടെ ജീവിക്കുവാൻ സാധിച്ചത്. ഈ വിശ്വാസത്തിന്റെ ആധികാരികതയെപ്പറ്റിയാണ് അതിനു തൊട്ടുമുമ്പേ പൗലോസ് പറയുന്നത്: "നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും എഴുതപ്പെട്ടിരിക്കുന്നവയെല്ലാം ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു" (24,14). യഹൂദർ വിശ്വസിക്കുന്ന പഴയനിയമവും പ്രവാചകന്മാരും അതിന്റെ പൂർണ്ണത കണ്ടെത്തുന്നത് ക്രിസ്തീയവിശ്വാസത്തിലാണെന്നും അതിൻപ്രകാരം രൂപപ്പെടുത്തപ്പെട്ട

നല്ല മനസ്സാക്ഷിയോടെയാണ് താൻ ജീവിക്കുന്നതെന്നുമാണ് പൗലോസ് അവകാശപ്പെടുന്നത്. പുരോഹിതൻ ക്രിസ്തീയവിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തപ്പെട്ട മനസ്സാക്ഷിയുള്ളവനും, അപ്രകാരമുള്ള മനസ്സാക്ഷിയുള്ളവരാകുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

## 3. പുരോഹിതൻ: ഉത്ഥാനത്തിൽ വിശ്വസിക്കുന്നവൻ

*"എന്നാൽ അവിടെ ഏഷ്യക്കാരായ ചില യഹൂദന്മാരുണ്ടായിരുന്നു. അവർക്ക് എന്റെ പേരിൽ എന്തെങ്കിലും പരാതിയുണ്ടായിരുന്നെങ്കിൽ അവർ നിന്റെ മുമ്പിലെത്തി അതു സമർപ്പിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ഞാൻ ആലോചനാസമൂഹത്തിന്റെ മുമ്പാകെ നിന്നപ്പോൾ എന്തുകുറ്റമാണ് എന്നിൽ കണ്ടെതെന്ന് ഈ നില്ക്കുന്നവർ പറയട്ടെ. മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നതെന്ന് അവരുടെ നടുക്കു നിന്നപ്പോൾ വിളിച്ചു പറഞ്ഞതൊഴികെ മറ്റൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല"* (24,19-21).

യഹൂദ അഭിഭാഷകൻ തനിക്കെതിരായി ഉയർത്തിയ ആരോപണങ്ങൾക്ക് പൗലോസ് മറുപടി പറയുന്നു. വെറും പന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പാണ് പൗലോസ് ജറുസലേമിൽ എത്തിയത്. അതിൽ അഞ്ചു ദിവസം കേസറിയായിൽ ആയിരുന്നു. ബാക്കി ഏഴു ദിവസമേ അദ്ദേഹം ജറുസലേമിൽ ഉണ്ടായിരുന്നുള്ളു. ആ ചെറിയ കാലയളവിൽ നടന്ന കാര്യങ്ങൾ എളുപ്പത്തിൽ അന്വേഷിക്കാവുന്നതാണ്. താൻ ഒരിടത്തും പ്രക്ഷോഭണം ഉണ്ടാക്കിയിട്ടില്ല. താൻ നസ്രായരുടെ കൊള്ളത്തലവനാണെന്ന് പറയുന്നതിൽ കഴമ്പില്ല. യഹൂദമതത്തിന്റെ ഒരു ഭാഗമായ ക്രിസ്തുമതത്തിന്റെ അനുയായി എന്ന നിലയിലാണ് യഹൂദരെല്ലാം ആരാധിക്കുന്ന ദൈവത്തെ താൻ ആരാധിക്കുന്നതെന്നും പൗലോസ് ബോധിപ്പിച്ചു. യഹൂദനിയമത്തിലും പ്രവാചകന്മാരിലും എഴുതപ്പെട്ടതെല്ലാം പൗലോസും വിശ്വസിക്കുന്നുണ്ട്. യഹൂദരുടെയിടയിലെ ഫരിസേയരെപ്പോലെ പൗലോസ് ഉൾപ്പെട്ട ക്രൈസ്തവരും ദുഷ്ടരുടെയും ശിഷ്ടരുടെയും ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരാണ് (24,11-15).

"മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നത്" (24,21) എന്ന് പൗലോസ്

പ്രത്യേകം എടുത്തുപറയുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനംതന്നെ മിശിഹായുടെ ഉത്ഥാനവും മരിച്ചവരുടെ പുനരുത്ഥാനവുമാണ്. "മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,13-14). ഉത്ഥാനത്തിലും അന്ത്യാത്മകയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാത്ത ഒരു പ്രതിഭാസം ഇന്നു സഭാംഗങ്ങളിൽപോലും കാണപ്പെടുന്നുണ്ട്. ആദ്ധ്യാത്മികാനുഭവങ്ങൾ പലർക്കും ഭൗതികസുസ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി പരിണമിക്കുന്നുമുണ്ട്. സുവിശേഷപ്രഘോഷകർപോലും ക്രൈസ്തവജീവിതത്തിന്റെ അന്ത്യാത്മകമാനങ്ങൾ വിസ്മരിക്കുന്നു. അതുകൊണ്ട് പുരോഹിതൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവനും അന്ത്യാത്മകയാഥാർത്ഥ്യങ്ങൾ പ്രഘോഷിക്കുന്നവനുമാകണം.

## 4. പുരോഹിതൻ: അനുദിന കുരിശുകൾ ശക്തിയാക്കി മാറ്റുന്നവൻ

*"മാർഗ്ഗത്തെക്കുറിച്ച് കൂടുതൽ നന്നായി അറിയാമായിരുന്ന ഫെലിക്സാകട്ടെ, സഹസ്രാധിപനായ ലീസിയാസ് വന്നിട്ട് നിങ്ങളുടെ കാര്യം ഞാൻ തീരുമാനിക്കാം എന്നു പറഞ്ഞുകൊണ്ട് വിസ്താരം മറ്റൊരവസരത്തിലേക്കു മാറ്റിവച്ചു. അവനെ തടവിൽ സൂക്ഷിക്കണമെന്നും, എന്നാൽ കുറേയൊക്കെ സ്വാതന്ത്ര്യം അനുവദിക്കണമെന്നും സ്വന്തക്കാരിലാരെയും അവനെ പരിചരിക്കുന്നതിൽനിന്ന് തടയരുതെന്നും അവൻ ശതാധിപന് കല്പന കൊടുത്തു"* (24,22-23).

ആ ദിവസത്തെ കോടതിക്രമം പൂർത്തിയായി. എന്നാൽ ന്യായാധിപനായ ഗവർണർ വാദം പൂർത്തിയാക്കി വിധി പറഞ്ഞില്ല. അതിനു പകരം പട്ടാള അധികാരി ലീസിയാസ് വരുന്നതുവരെ വിധി പറയുന്നത് മാറ്റിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം താൻ വിധി പറയാമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. അതോടൊപ്പം പൗലോസിനെ സംബന്ധിച്ച ഒരു കല്പനയും കൊടുത്തു: അദ്ദേഹത്തെ സുരക്ഷിതമായി കാക്കണം; അദ്ദേഹത്തിന് അല്പം സ്വാതന്ത്ര്യം കൊടുക്കണം; അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽനിന്ന് സുഹൃത്തുക്കളെ വിലക്കരുത്. അങ്ങനെ രണ്ടു വർഷത്തിലധികം നീണ്ടുനില്ക്കുന്ന കാരാഗൃഹവാസം അവിടെ ആരംഭിച്ചു.

പൗലോസിനെതിരെ ഒരു ആരോപണവും തെളിയിക്കാൻ യഹൂദ നേതാക്കന്മാർക്കു കഴിയാതിരുന്നതിനാൽ യാതൊരു തടസ്സവും കൂടാതെ ഗവർണർക്ക് പൗലോസിനെ കാരാഗൃഹത്തിൽനിന്നു സ്വതന്ത്രനാക്കാമായിരുന്നു. പക്ഷേ, അയാൾ അങ്ങനെ ചെയ്തില്ല. ഇപ്രകാരം അന്യായമായ രീതിയിൽ തടവുശിക്ഷ അനുഭവിച്ചപ്പോഴും പൗലോസ് തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു. പൗലോസിന്റെ കാഴ്ചപ്പാടിൽ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹാ വിളിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊറി 1,23-24). പുരോഹിതൻ ഇപ്രകാരം മറ്റുള്ളവരുടെ മാനുഷികതാല്പര്യങ്ങളുടെ ഫലമായി ഉണ്ടാകുന്ന അനുദിന കുരിശുകൾ വഹിക്കേണ്ടവനാണ്. അപ്രകാരമുള്ള കുരിശുകളെ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ പുരോഹിതനു കഴിയണം.

### 5. പുരോഹിതൻ: സഭാവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവൻ

*“കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫെലിക്സ്, യഹൂദയായ ഭാര്യ ദ്രൂസില്ലായോടൊപ്പം വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അവനിൽനിന്നു കേട്ടു. അവൻ നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചപ്പോൾ ഫെലിക്സ് ഭയപ്പെട്ട് ഇങ്ങനെ പറഞ്ഞു: തല്ക്കാലം നീ പൊയ്ക്കൊള്ളുക. ഇനിയും എനിക്കു സമയമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം”* (24,24-25).

ലീസിയാസ് വരുമ്പോൾ താൻ ഇക്കാര്യത്തിൽ ഒരു വിധി പറയാം എന്ന് ന്യായാധിപനായ ഗവർണർ പറഞ്ഞിരുന്നുവെങ്കിലും (24,22) അയാൾ തന്റെ വാക്കു പാലിച്ചില്ല. വിധി പറയൽ നീട്ടിക്കൊണ്ടു പോവുകയും രണ്ടു വർഷത്തിലധികം, ചെയ്യാത്ത കുറ്റത്തിന്, പൗലോസ് തടങ്കലിൽ കഴിയുകയും ചെയ്തു. തന്റെ കാലാവധി കഴിഞ്ഞ് ഫെലിക്സ് കേസറിയാ വിട്ടു പോയപ്പോൾപ്പോലും അയാൾ പൗലോസിനെ സ്വതന്ത്രനാക്കിയില്ല. അതിനു രണ്ടാമതൊരു കാരണവുംകൂടി ലൂക്കാ ഇവിടെ രേഖപ്പെടുത്തുന്നുണ്ട്: “യഹൂദരോടു ആനുകൂല്യം കാണിക്കാൻ ആഗ്രഹിച്ചതിനാൽ ഫെലിക്സ് പൗലോസിനെ തടവുകാരനായിത്തന്നെ വിട്ടിട്ടുപോയി” (24,27).

ഈ രണ്ടു വർഷക്കാലം പൗലോസ് തടവിലായിരുന്നപ്പോൾ ഫെലിക്സും ഭാര്യ ദ്രൂസില്ലായും വന്ന് പൗലോസിനെ വിളിപ്പിച്ച്

ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അയാളിൽനിന്നു കേൾക്കുമായിരുന്നു (24,24). 'ദ്രൂസില്ലാ' ഫെലിക്സ് അന്യായമായി കൂടെ കൊണ്ടു നടന്നിരുന്ന ഭാര്യയായിരുന്നു. അതുകൊണ്ടായിരിക്കാം പൗലോസ് അയാളോട് നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചതും, അതു കേട്ടപ്പോൾ ഫെലിക്സ് ഭയപ്പെട്ടതും (24,25). ഇതിനു സമാനമായ ഒരു സംഭവം സ്നാപകയോഹന്നാനും ഹേറോദേസ് അന്തിപ്പാസും തമ്മിലുള്ള കണ്ടുമുട്ടലിലും സംഭവിച്ചതായി വി. മർക്കോസ് രേഖപ്പെടുത്തുന്നുണ്ടല്ലോ (മർക്കോ 6,17-20). ഏതായാലും ഇതിൽനിന്നും നാം മനസ്സിലാക്കുന്നത് പ്രതികൂല സാഹചര്യങ്ങളിലും പൗലോസ് സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്നാണ്. ഇതിനു സമാനമായ സാഹചര്യങ്ങൾ പുരോഹിതനുമുണ്ടാകാം. അപ്പോഴെല്ലാം ധൈര്യപൂർവ്വം വിശ്വാസത്തിനു സാക്ഷ്യം നല്കാൻ പുരോഹിതനു കഴിയണം.

### ജീവിതസൂചിക

1. പ്രതിസന്ധികളുടെ മദ്ധ്യേ ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷയിൽ വിശ്വസ്തതയോടുകൂടി നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ബുദ്ധിമുട്ടുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ഉത്ഥാനത്തിലും യുഗാന്തയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കുവാനും ആ വിശ്വാസം പ്രഘോഷിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. അനുദിനജീവിതത്തിലെ കുരിശുകൾ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. വിപരീതസാഹചര്യങ്ങളിലും സഭയുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?

# NEWS FROM DEPARTMENTS

## FAMILY APOSTOLATE

### MARRIAGE PREPARATION COURSE-2020

**Month & Date:** .March 27,28,29

**Days:** Friday, Saturday, Sunday

**Director :** **Rev. Fr. Jose Alencherry**

**Cell No.: 437 220 0658,**

Email : cherryjose68@gmail.com

For further details contact:

**Sr. Jyothy - +1 437 229 7144**

### MARRIAGE PREPARATION COURSE, HALIFAX

Under the leadership of Fr John Mylanvelil, Marriage preparation course was conducted at St John's church, Halifax from December 20 till December 22. 13 youngsters from our community participated in the course and the completion certificate was awarded to the candidates after the Holy Mass on Dec 22nd at St. Michel's catholic church, Halifax.



# VOCATION BUREAU

Vocation bureau of our Eparchy has conducted a Come and see program as the follow-up of the first Come and see program on December 23rd at St. Alphonsa Cathedral. Program started at 10 am with some refreshments and Socialization. 14 people students participated. Our Dear Bishop Celebrated Holy Mass for them and gave a wonderful homily. After the lunch they had games, sharing sessions and plann for the next come and see program. The program end up with the adoration.




We woub like to inform you the next come and see program on March 17th and 18th 2020. Fr. Kevin Mundackal from U. S. A, would be the resource person. I request all the priests to send the youth to this program those who are discerning.

Fr. Daris Cherian
(Vocation Director of the Eparchy of Mississauga)

Sr. Celine Rose
(Associate Director)



# NEWS FROM PARISHES

## ST. ALPHONSA PARISH CAMBRIDGE

### Christmas Charole

To commemorate the birth of Jesus Christ, at St. Alphonsa Parish Cambridge, the ward members joined the Christmas Serenading wholeheartedly. Each family welcomed Infant Jesus in their homes and prayed for their intentions while Fr. Jojo blessed the families. Many families participated in the Crib competition as well.

### Secret Santa Gift Exchange & Carol Singing

The merriest time of the season was fulfilled for the Catechism kids as they had the Secret Santa Gift Exchange, Christmas Quiz & Class wise Carol Singing.





### Christmas Night

On Christmas Eve, the Holy Mass was celebrated at the Holy Rosary Church and Fr. Jojo was the main celebrant.

# ST. THOMAS FORANE CHURCH SCARBOROUGH

## Christmas gathering of SMYM

On 25th December we had a Christmas gathering of the SMYM youth of St. Thomas Syromalabar Catholic Forane Church Scarborough. Around 150 Youth participated. Bishop Jose kalluvelil Celebrated a Solemn Mass at 9 am, followed by Christmas gathering, Carole singing and lunch. It was a wonderful celebration and a great occasion for all the SMYM youth of our parish to come together and celebrate the Christmas together.

## ALIVE 19

We hosted our parish's very first youth and young couples retreat ALIVE'19, which took place on December 20, 21 & 22, that was conducted after our church being declared as Forane. ALIVE'19 was



lead by Rev.Fr. Antony Thekanath V.C and team (Br. Joseph & Sr. Cicily). It included Praise & Worship, Confessions in preparation for Christmas, spirit filled healing Adoration and Spiritual sharing. On the 2nd day of the retreat we had a Holy mass lead by Mar Jose Kalluvelil - Bishop of Mississauga, who empowered the youth with his pastoral message. About 250 participants which included both young adults and young couples registered for ALIVE'19. It was a fruitful and empowering

Youth retreat that was made possible by the combined effort of Jesus Youth and International Youth of our parish who worked to make this retreat a success along with the constant support and spiritual guidance of our parish priest Rev. Fr. Jose Alencherry and associate pastor Fr. Daris Cherian, whose vision for the youth made them come up with the initial idea for the necessity of a Youth retreat in our parish.

## Christmas Celebration for the Seniors and Pioneers

Special Christmas Mass and Celebration for the Seniors and Pioneers of our Parish was held on 7-December-2019. The gathering started with the Holy Mass by Fr. Daris Cherian at 11:00 am, Oppeese for the deceased members of the our Parish was also offered. A small meeting followed by a delicious Christmas lunch and cake was organized in the church basement. Around 35 people attended the meeting and it was a happy and wonderful day of advance Christmas celebration.

Program Coordinators:
Fr. Daris Cherian, Mr. Mani Mattam, Ms. Linda Mangalathu and Ms. Deepa Binu.(Photo)

## SMYM Parish Junior Team Elections

On 14 th December we were able to conduct the SMYM Parish Junior Team elections. They took pledge and planning to have different programs in our parish level. The following are the team members.



Animator Ms Rupa vinod
Director Fr. Daris Moolayil

| | |
|---|---|
| President | Ms. Rachel P |
| Vice President | Mr. Charly J |
| General Secretary | Ms. Mabel M |
| Secretary | Ms. Theres J |
| Treasurer | Ms. Sara |
| Councillors | Judith J & Christina K |

# HOLY FAMILY PARISH
# HALIFAX

## Christmas Celebration 2019

Halifax Parish community celebrated the feast of nativity of Our Lord and Savior Jesus Christ with all it's joy and enthusiasm.Christmas carol was conducted on December 21, parish members actively participated by visiting individual houses to spread the joy of Christmas.

Kids performed a lively nativity show on December 22nd at St. Micheals church, Halifax with great spirit and enthusiasm and Vicar Fr John Mylanvelil distributed Christmas presents to all kids.

Our Christmas eve was a memorable event for us in Halifax with a all time high participation of more than 300 people in the Christmas Mass on 24th December at St Paul's catholic church, Herring cove, Halifax and the Christmas dinner there after in church Hall. Parishioners actively contributed to the plum cake sale to support students in Sydney, Cape Breton.






# ST. ANDRE CATHOLIC MISSION SYDNEY

A new Mission for the spiritual assistance of the Malayalee Catholic Faithful in Cape Breton, Nova Scotia, was inaugurated on Sunday, December 01, 2019. Fr. John Mylamvelil celebrated Holy Qurbana in Holy Redeemer Parish Church, Sydney, over 400 kms away from Halifax, at 4.00 pm. There was a wonderful crowd of over two hundred faithful, mostly students. It was made possible because of the wholehearted support of Reverend Father Paul Murphy, Pastor of Holy Redeemer Parish, Sydney. The new Mission is named after the Canadian Saint, St. Andre, who in his life time was ministering at Notre Dame College in Montréal.



## Confession

The students asked Fr. John for an opportunity to make confession in Malayalam before Christmas. So, he travelled from Halifax to Sydney on Monday 16th December and on Tuesday 17th heard confessions from 10 am until 6.30 pm. He then celebrated Holy Qurbana, which was attended by over 100 people and continued the confession, so that all who wished could make confession.

## Christmas Celebration

On Christmas Day, December 25th at 4 pm Rev. Fr. Varghese IMS, Malayalee priest working in Cape Breton, celebrated Holy Mass with Christmas ceremony. There were about 200 students for the Holy Qurbana. It was an amazing experience for all. There was a reception at downstairs with Christmas wishing, Carol singing and snacks. It gave a good opportunity for the participants to share the joy of Christmas, for interaction and socialization.

---



The **Perfect family** doesn't exist, nor is there a perfect husband or a perfect wife and let's not talk about the perfect mother-in-law! It's just us sinners. If we learn to say we're **sorry** and ask **forgiveness**, the marriage will last

# ST. MOTHER TERESA CHURCH NIAGARA

## Nativity Show 2019:

On December 22/2019, St Mother Teresa Church Niagara Falls organized this year's (2019) Christmas Celebration by Catechism students.Under the guidance of the Pious Association, the Catechism students performed a Nativity show along with Carol songs, after the completion of the Holy Mass. Active participation of the children was registered during the rehearsal and their performance won accolades at large.



Tony's craftsmanship and toil gifted the Parishers with a spectacular crib, and a live Infant Jesus made the scene appear real and vivid. Christmas Santa along with Parish Kaikarans Mr Baiju Pakalomattam and Mr Denny Kannookadan handed over the Christmas basket to the Parish Priest Fr. Thomas Venmanthara.

## Christmas Carol:

On December 14 and 15, St Mother Teresa Church Niagara Falls organised Christmas Carol. School bus was availed for the carol on both the days. The vibrant Jesus youth members led the Carol along with the Parish Council members.

Great participation from the Parishers was observed on both the days. The Carol covered most of the houses in all the three units of the Parish and all the families welcomed infant Jesus with love and affection and enjoyed the Carol. Parish priest Fr.Thomas's active participation on both days of Carol inspired all the families.



# ST. JOSEPH SYRO-MALABAR PARISH HAMILTON

## Welcome to Fr. Thomas Venmathara

On December 1, 2019, Most Rev. Bishop Mar Jose Kalluvelil appointed Rev. Fr. Thomas Venmathara as the new pastor for the St. Joseph Syro-Malabar Catholic Parish. The parishoners welcomed Fr. Thomas with open arms and hearts at the beginning of the Advent season. The event was blessed with the presence of our beloved Bishop, Mar Jose Kalluvelil.



## Nativity Show

The Annual Catechism Nativity Show took place at St. Joseph's Syro-Malabar Parish on December 22, 2019 after the Holy Mass. Over 50 Catechism Students (from the 3 Pious Associations) participated in the show which brought to life the Christmas Story once more. The program was a huge success and was overseen by the Catechesis Department, under the guidance of Rev. Fr. Thomas.



## Community Outreach Program

On December 22, 2019, the Catechism Students from St. Joseph's Syro-Malabar Parish performed Christmas Carols at Village of Wentworth HeightsLong- Term Care Home. Over 19 students participated in this new community outreach initiative which served as a memorable experience for all those involved.





## Parish Christmas Carol

On December 21, 2019, all the four family units under St. Joseph's Syro-Malabar Parish, Hamilton participated in the annual Christmas Carol. Rev. Fr. Thomas Venmathara, the pastor, along the Carol Team, visited many homes throughout the city and spread Christmas joy everywhere.



# ST. ALPHONSA CHURCH VANCOUVER

## Christmas Celebration and Food drive by Catechism Students

Our catechism students celebrated Christmas on 15th Sunday. Fr. Thomas gave the Christmas message. The presence of the Santa cheered the Children. On this day they did a food drive to share the joy of Christmas with the less fortune. They handed over the collected food items to the Vincent De Paul and Food bank in surrey. Catechism Staff organized the entire event.

## Christmas Caroling

This year the Christmas caroling started in our unit on November 23 and finished on 21st December. We saw a good participation of the community in sharing the joy and message of Christmas. There were caroling in Victoria and Abbotsford units too.







# AVE MARIA CATHOLIC CHURCH VALLEY, BERWICK

We celebrated this year's Christmas on 26the December in St. Antony's Catholic Church, Berwick.ohn Mylamvelil, together with Fr. Thomas Thekkekara, celebrated the solemnHoly Qurbana. There was special blessings for the children by Fr. John and Fr. Thomas.







# CHRIST THE KING MISSION LUNENBURG

ഡിസംബർ മാസം എന്ന് കേൾക്കുമ്പോഴേ എല്ലാവരുടെയും മനസ്സിൽ ഓടിയെത്തുന്നത് ക്രിസ്മസ് ട്രീ, പുൽക്കൂട്, ക്രിസ്മസ് കേക്ക്, നോയമ്പ്, പാതിരാക്കുർബാന അങ്ങനെ പലതും. എല്ലാവരേയും പോലെ തന്നെ ക്രൈസ്റ്റ് ദ കിംഗ് മിഷനും അംഗങ്ങളും ക്രിസ്തുവിന്റെ പിറവി ആഘോഷിക്കാനായി ഡിസംബർ 23-ാം തീയതി വൈകുന്നേരം 8.30 ന് .... ഒത്തുകൂടി. ഫാ. ജോൺ മയിലംവേലിന്റെ നേതൃത്വത്തിൽ ആഘോഷമായ കുർബാന നടന്നു. തുടർന്ന് എല്ലാവരും ഉണ്ണിയെ മുത്തി വണങ്ങിയ ശേഷം കരോൾ പാട്ടുകൾ പാടി ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കമിട്ടു. ഫാ. ജോൺ മയിലംവേലിൽ എല്ലാവർക്കും ക്രിസ്മസ് ആശംസകൾ നേർന്നുകൊണ്ട് കേക്ക് മുറിച്ച് എല്ലാവർക്കുമായി പങ്കിട്ടു. അതിനുശേഷം .... സ്റ്റുഡൻസിനെ സഹായിക്കാനായി കേക്ക് ലേലം വിളിക്കുകയും ചെയ്തു. മിഷൻ



അംഗങ്ങൾ എല്ലാവരും ഒന്നിച്ച് സന്തോഷത്തോടെ സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ശേഷം ഒരുപാട് ക്രിസ്മസ് ഓർമ്മകളുമായി അവരവരുടെ വീടുകളിലേയ്ക്ക് മടങ്ങുകയും ചെയ്തു.

# BISHOP'S DIARY

## 2019, DECEMBER

| | |
|---|---|
| 1/12 | Celebrated Holy Qurbana at Hamilton and installed new vicar, Fr.Thomas Venmanthara. Celebrated Holy Qurbana at Niagara and installed new vicar, Fr.ThomasVenmanthara. |
| 7/12 | Inaugurated ther Anniversary of Pious Associations for Children at St. Alphonsa Cathedral. |
| 8/12 | Commenced a New Mission and Celebrated Holy Qurbana at St. Mariam Thresia Mission, Sarnia. |
| 10/12 | Participated in the Monthly Recollection for Priests and Sisters. |
| 12/12 | Presided over the College of Consulters' Meeting. Meeting with Social Service Department. |
| 13/12 | Celebrated Holy Qurbana and gave Message for Youth at Cathedral. |
| 14/12 | Video Recoding of Christmas Message for Shalom. Participated in the Christmas Celebration of Eastern Catholic Hierarchy, Toronto. |
| 17/12 | Meeting with SMYM National Leaders at Cathedral. |
| 18/12 | Presided over the College of Consulters' Meeting. |
| 19/12 | Visited Sofia School with School Board Members. |
| 20/12 | Shepherds of faith Meeting with Leadres of Cathedral Catechists, KoC, PC. |

| | |
|---|---|
| 21/12 | Presided over Catholic School Committee Meeting at St. Alphonsa Cathedral Celebrated Holy Qurbana and gave message in the Youth Retreat at Scarborough. Inaugurated new Holy Mass Center at Brampton. |
| 22/12 | Celebrated Christmas Holy Qurbana at Sudbury. |
| 23/12 | Conducted, Come and See follow-up Program for High School Students. Celebrated Christmas Holy Qurbana at St. Alphonsa Cathedral. |
| 24/12 | Celebrated Christmas Holy Qurbana at St. Alphonsa Cathedral. |
| 25/12 | Celebrated Christmas Holy Qurbana for Youth at St. Thomas Church, Scarborough. |
| 28/12 | Administered Engagement at Mannarkkadu. |
| 29/12 | Celebrated Holy Qurbana for Parish Feast at Panthalampadam. |
| 30/12 | Administered Priestly Ordination at Kanjirapuzha. |
| 31/12 | Presided over the year ending ceremony, Mannarkad. |

EPARCHY OF MISSISSAUGA
Pastoral Center
6630 Turner Valley Road,
Mississauga,Ontario, Canada L5N 2P1
Ph: +1 905 858 8200; Fax: +1 905 858 8208
Email: bishop@syromalabarcanada.org
Website: www.syromalabarcanada.org